(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ പൂജാദികർമ്മങ്ങൾക്കും, വഴിപാടിനും നിശ്ചയിച്ചിരുന്ന ചാർജ്ജ് 2000 ജനുവരി മുതൽ വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോയിനം പൂജാദികർമ്മങ്ങൾക്കും വഴിപാടിനും നിലവിലുണ്ടായിരുന്ന ചാർജ്ജ് എത്രയായിരുന്നുവെന്നും അത് എത്ര ആയിട്ടാണ് വർദ്ധിപ്പിച്ചതെന്നും വർദ്ധന എത്ര ശതമാനം വീതമാണെന്നും വെളിപ്പെടുത്തുമോ;

(സി) വർദ്ധനവ് വരുത്താനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ഈ വർദ്ധനക്ക് സ്വീകരിച്ച മാനദ്ണ്ഡം എന്തെന്ന് വിശദീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ഉണ്ട്.

(ബി) 2000 ജനുവരിക്കുമുൻപ് ദേവസ്വങ്ങളിൽ വഴിപാടുകൾക്ക് നിരക്കുകളാണ് നിലവിലുണ്ടായിരുന്നത്. ഇത് ഏകീകരിക്കുന്നതിനുവേണ്ടി ദേവസ്വം ബോർഡിന്റെ കീഴിലുള്ള എല്ലാ ദേവസ്വങ്ങളിലേയും വഴിപാടു നിരക്കുകൾ 1.1.2000 മുതൽ പുതുക്കി നിശ്ചയിച്ചിട്ടുള്ളതും ആയതിന്റെ സ്റ്റേറ്റുമെന്റ് അനുബന്ധമായി ചേർത്തിട്ടുള്ളതുമാണ്. നിലവിലുണ്ടായിരുന്ന വഴിപാട് നിരക്കുകൾ ഏകീകൃത സ്വഭാവമുള്ളതല്ലാതിരുന്നതിനാൽ അവ വർദ്ധിപ്പിച്ച നിരക്കുമായുള്ള അനുപാതം സൂചിപ്പിക്കുന്നതിനും ശതമാനക്കണക്ക് നൽകുന്നതിനും പ്രയാസമാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി)&(ഡി) വഴിപാട് സാധനങ്ങളുടെ വിലവർദ്ധനവ് അടിസ്ഥാനമാക്കി വഴിപാട് നിരക്കുകൾ ഏകീകരിക്കുന്നതിനുവേണ്ടിയാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

രാസവളങ്ങളുടെ സബ്സിഡി പുനഃസ്ഥാപിക്കാൻ നടപടി

28 (*388) ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എ. കണാരൻ :
ശ്രീ. എൻ.ആർ ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ഈയിടെ രാസവളങ്ങളുടേയും കീടനാശിനികളുടേയും വില വർദ്ധിപ്പിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ നടപടി സംസ്ഥാനത്തെ കാർഷിക മേഖലയെ എപ്രകാരം ദോഷകരമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) രാസവളങ്ങളുടെ സബ്സിഡി പിൻവലിച്ച നടപടിയെ സംബന്ധിച്ചും വിലവർദ്ധന പിൻവലിക്കുന്നതിനെ സംബന്ധിച്ചും സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) രാസവളങ്ങളുടെ സബ്സിഡി പുനഃസ്ഥാപിക്കാനും കാർഷിക ആവശ്യത്തിനുള്ള വൈദ്യുതിയുടെ നിരക്ക് വർദ്ധനവ് പിൻവലിക്കാനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ)-(ഡി) കേന്ദ്ര ഗവൺമെന്റ് വളങ്ങളുടേയും കീടനാശിനികളുടേയും വില വർദ്ധിപ്പിക്കുക, സബ്സിഡി പിൻവലിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉത്തരവുകൾ ഒന്നുംതന്നെയില്ല. ഇത്തരം നടപടികൾ പിൻവലിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. വിശദമായ വിവരങ്ങൾ ശേഖരിച്ച് അയയ്ക്കുവാൻ ഡൽഹിയിലെ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതുകിട്ടുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കള്ള് ചെത്ത് വ്യവസായത്തെ പുനരുദ്ധരിക്കുവാൻ നടപടി

29 (*389) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ള് ചെത്ത് വ്യവസായത്തെ പുനഃരുദ്ധരിക്കുവാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) പരമ്പരാഗത വ്യവസായമായ കള്ള് വ്യവസായത്തെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കള്ളിന്റെ ട്രാൻസ്പോർട്ടിംഗ് ഫീസ് ഈടാക്കുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കള്ള് വ്യവസായത്തിന്റെ സംരക്ഷണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ചില ജില്ലകളിൽ മൂന്നു വർഷത്തേയ്ക്ക് ലേലം നടത്തുന്ന നടപടി ഈ വർഷവും തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെ ഏതെല്ലാം റെയിഞ്ചിലാണ് 3 വർഷത്തേയ്ക്ക് ഷാപ്പ് ലേലം നടത്തുന്നത്; ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) കള്ളുഷാപ്പ് ലേലത്തിൽ ഇപ്പോൾ നടപ്പാക്കിവരുന്ന നയം മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; റെയിഞ്ചിലെ ലേല സംഖ്യയും ഉൽപ്പാദനവും വിൽപ്പനയും തമ്മിൽ ബന്ധപ്പെടുത്തി ലേലം ഉറപ്പിക്കുക എന്ന നയം സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) സംസ്ഥാനത്ത് കള്ള് വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 14/08/98-ൽ ജി.ഒ (എം.എസ്.) നം.-119/98/റ്റിഡി പ്രകാരം സർക്കാർ കള്ള് വ്യവസായ പുനഃസംഘടനാ കമ്മിറ്റി രൂപീകരിക്കുകയും ആ കമ്മിറ്റിയുടെ പ്രവർത്തനം നടന്നുവരികയും ചെയ്യുന്നു. ഈ കമ്മിറ്റിയിൽ വകുപ്പു ഉദ്യോഗസ്ഥൻമാരും ഈ മേഖലയിൽ പ്രവർത്തിക്കുന്ന അംഗീകൃത തൊഴിലാളി സംഘടനകളുടെ പ്രതിനിധികളും തൊഴിലുടമ പ്രതിനിധികളും അംഗങ്ങളാണ്.

(ബി) ഒരു ജില്ലയിൽനിന്നും മറ്റൊരു ജില്ലയിലേയ്ക്ക് കള്ള് കടത്തിക്കൊണ്ട് പോകുവാൻ ഒരു ലിറ്റർ കള്ളിന് ഒരു രൂപ ദിനംപ്രതി ഈടാക്കുന്നുണ്ട്. കള്ളിന് ഈടാക്കുന്ന കടത്ത് ഫീസ് കള്ളുവ്യവസായത്തെ ദോഷകരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കള്ള് ഷാപ്പുകൾ സാധാരണ ഗതിയിൽ ഒരു വർഷത്തേയ്ക്കാണ് ലേലം ചെയ്യുന്നത്. എന്നാൽ ആവശ്യമെന്നു കണ്ടാൽ കള്ളുഷാപ്പുകൾ മൂന്നുവർഷത്തേയ്ക്ക് ലേലം ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly